പാലങ്ങൾ, കെട്ടിടങ്ങൾ) പദ്ധതി പ്രദേശങ്ങളുടെ പരിസ്ഥിതി അവലോകന പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് പ്രസ്തുത യൂണിറ്റാണ്. പരിസ്ഥിതി ലോല പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യാനുസരണം പാരിസ്ഥിതിക പഠനം നടത്തി, പാരിസ്ഥിതിക ആഘാതം കുറയ്ക്കാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

### കോട്ടയം ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റെയും നിർമ്മാണം

12 (622) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കോട്ടയം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റെയും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തിയാക്കി Technical Sanction നൽകുന്നതിനുള്ള അനുവാദം Project Management Consultant ആയ M/s. Hindustan Prefab Limited-ന് നല്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാകുമെന്നറിയിക്കാമോ?

പ്രസ്തുത പദ്ധതി 2021 നവംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

### പൊതുമരാമത്ത് പ്രവർത്തനങ്ങൾക്കായി കർമ്മപദ്ധതി

13 (623) ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിനുകീഴിൽ ക്രമീകരിക്കുന്ന പ്രവൃത്തികൾ കരാർ വ്യവസ്ഥ പ്രകാരമുള്ള നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ കോവിഡ് വ്യാപനം, പ്രതികൂലമായ കാലാവസ്ഥ, പോസ്റ്റുകൾ, കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസം എന്നിവ പ്രവൃത്തികളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ വീഴ്ചമൂലം പ്രവൃത്തികളിൽ കാലതാമസമുണ്ടാകുന്നപക്ഷം കരാറുകാർക്കെതിരെ SBD നിബന്ധനകൾ, PWD Manual എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നു.

(ബി) എസ്റ്റിമേറ്റുകൾ സമർപ്പിച്ചതിനുശേഷം ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതും പൂർണ്ണമായും ഭരണാനുമതി ലഭിക്കാത്തതും വകുപ്പിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഭരണാനുമതി തേടി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാഹചര്യത്തിൽ റേറ്റ് റിവിഷനുണ്ടാകുന്നത് പദ്ധതി നിർവ്വഹണത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ;

&

(ഡി) എങ്കിൽ മേൽപ്പറഞ്ഞ പോരായ്മകൾ അടിയന്തരമായി പരിഹരിച്ചുകൊണ്ട് പ്രോജക്ടുകൾ യഥാസമയം പൂർത്തീകരിക്കാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

(ബി-ഡി) ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതനുസരിച്ച് മുൻഗണനാക്രമത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനാൽ വകുപ്പിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കാറില്ല. ഭരണാനുമതി ലഭ്യമായശേഷം റേറ്റ് റിവിഷനുണ്ടാകുന്ന സാഹചര്യത്തിൽ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുമുൻപ് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടുന്ന സാഹചര്യമുണ്ടാകുന്നതിനാൽ പദ്ധതി നിർവ്വഹണത്തിൽ ചിലപ്പോഴെല്ലാം കാലതാമസമുണ്ടാകുന്നുണ്ട്. ബിറ്റുമിൻ നിരക്കിലുണ്ടാകുന്ന വ്യതിയാനം, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ തുടങ്ങിയവ മുൻകൂട്ടി മനസ്സിലാക്കാനാകാത്ത കാരണങ്ങളാൽ ഭരണാനുമതി തുകയിൽനിന്നും വ്യതിയാനമുണ്ടാകുന്ന അവസരങ്ങളിൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തികൾ നടപ്പാക്കിവരുന്നു.

**കായംകുളം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

14(624) ശ്രീമതി യു പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന 2016-നുശേഷം നാളിതുവരെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ സാങ്കേതികാനുമതി, കരാർ ഏറ്റെടുത്ത തീയതി എന്നിവയും നിലവിലുള്ള പ്രവൃത്തികളുടെ പുരോഗതിയും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly